**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :1603** 07/03/2018 **ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസ നിധി: കാലതാമസം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.സി.കൃഷ്ണൻ** | | **പിണറായി വിജയൻ** (**മുഖ്യമന്ത്രി**) |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായത്തിന് അപേക്ഷിച്ച് എല്ലാ പരിശോധനകളും പൂർത്തീകരിച്ച് ഗവ. ഓർഡർ ഇറങ്ങിയാലും അനുവദിച്ച തുക അപേക്ഷകന് ലഭിക്കാൻ വീണ്ടും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ), (ബി) & (സി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം പുതിയതായി നിലവിൽ വന്നിട്ടുണ്ട്. അപേക്ഷകന് പണം അനുവദിക്കുമ്പോൾ തന്നെ ധനകാര്യ വകുപ്പിന്റെ അക്കൗണ്ടിൽ നിന്നും പണം ട്രഷറിയിലേക്കും ട്രഷറിയിൽ നിന്ന് നേരിട്ട് അപേക്ഷകന്റെ അക്കൗണ്ടിലേക്കും എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽ നിന്നും ഓൺലൈനായി നൽകി വരുന്നു. അനുവദിക്കപ്പെട്ട ധനസഹായം അടിയന്തിരമായി വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതു പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | | |
| (സി) | ഗവ. ഓർഡർ ഇറങ്ങി നിശ്ചിത ദിവസങ്ങൾക്കുള്ളിൽ അനുവദിച്ച തുക അപേക്ഷകന് ലഭിക്കുന്ന തരത്തിൽ തീരുമാനം എടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

Smitha. A.S.

സെക്ഷൻ ഓഫീസർ